# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2233** **11.06.2018-ൽ മറുപടിക്ക്**

<u>വൈകല്യമുള്ള കുട്ടികളെ പാർപ്പിക്കുന്ന ഐക്കണിന്റെ പ്രവർത്തനം</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മോൻസ് ജോസഫ് | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വൈകല്യമുള്ള കുട്ടികളെ പൊതു ധാരയിലേക്ക് കൊണ്ടു വരുവാൻ ഉദ്ദേശിച്ച് ഷൊർണ്ണൂരിൽ ആരംഭിക്കുന്ന ഐക്കണിന്റെ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; കുട്ടികളുടെ പ്രവേശനം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ; | (എ) | സൊസൈറ്റി ഫോർ റീഹാബിലിറ്റേഷൻ ഓഫ് കോഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഡിസ്ഓർഡേഴ്സ് (എസ്.ആർ.സി.സി.ഡി) എന്ന സർക്കാർ നിയന്ത്രണത്തിലുള്ള സ്വയം ഭരണ സൊസൈറ്റിയുടെ കീഴിൽ ഐക്കോൺസിന് തിരുവനന്തപുരത്തും, ഷൊർണ്ണൂരിലുമായി രണ്ടു സെന്ററുകളുണ്ട്. തിരുവനന്തപുരം സെന്റർ 1998-ൽ പ്രവർത്തനം തുടങ്ങി. ഷൊർണ്ണൂർ സെന്റർ 2000 മുതൽ പ്രവർത്തിച്ചുതുടങ്ങി. ഷൊർണ്ണൂർ സെന്ററിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഓട്ടിസം ബാധിച്ചവരും എന്നാൽ സംരക്ഷിക്കാൻ ആളില്ലാത്തവരുമായ കുട്ടികളെ പരിപാലിക്കുന്നതിനായി ഒരു കേന്ദ്രം തുടങ്ങുക എന്ന ആലോചനയുടെ ഭാഗമായി ഒരു അഡോളസന്റ് ഹോം തുറന്നു പ്രവർത്തിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനാവശ്യമായ കെട്ടിടങ്ങളുടെയും മറ്റും പണി പൂർത്തിയായെങ്കിലും ചുറ്റുമതിൽ നിർമ്മാണം ചില പ്രാദേശിക എതിർപ്പുകൾ മൂലം പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ ചുറ്റുമതിൽ നിർമ്മാണം പൂർത്തിയായാൽ ഉടൻ കുട്ടികളെ പ്രവേശിപ്പിക്കുവാൻ സാധിക്കുന്നതാണ്. |
| (ബി) | ഈ സ്ഥാപനത്തിന്റെ പ്രവർത്തനം സംസ്ഥാന സർക്കാരിന്റെ പൂർണ്ണ നിയന്ത്രണത്തിലാണോ; മറ്റ് ഏജൻസികൾ ഈ സ്ഥാപനത്തിന് ധനസഹായം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ഏജൻസികൾ എന്ന് അറിയിക്കാമോ; | (ബി) | ഈ സ്ഥാപനം സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള എസ്.ആർ.സി.സി.ഡി. എന്ന സ്വയംഭരണ സൊസൈറ്റിയുടെ ആഭിമുഖ്യത്തിലുള്ളതാണ്. ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും കേരള സർക്കാരിന്റെയും ഒരു സംയുക്ത സംരംഭമായിട്ടാണ് എസ്.ആർ.സി.സി.ഡി. തുടങ്ങിയത്. സംസ്ഥാന സർക്കാരിന്റെ ഗ്രാന്റ്-ഇൻ-എയ്ഡിനു പുറമെ പ്രത്യേക പ്രൊജക്ടുകൾക്ക് എൻ.ആർ.എച്ച്.എം. |

| | | | |
|---|---|---|---|
| | | | സോഷ്യൽ സെക്യൂരിറ്റി മിഷൻ തുടങ്ങിയ ഏജൻസികളുടെയും സഹായം ലഭിച്ചിട്ടുണ്ട്. ഈ സെന്ററിന്റെ ആരംഭദശയിൽ യു.എൻ.ഡി.പി., ടാറ്റാ ട്രസ്റ്റ് എന്നിവയിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ട്. കൂടാതെ ഗവേഷണ പ്രൊജക്ടുകൾക്ക് കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് സയൻസ് ആന്റ് ടെക്നോളജിയുടെയും, സ്റ്റേറ്റ് സയൻസ് ആന്റ് ടെക്നോളജി കൗൺസിലിന്റെയും ധനസഹായം ലഭിക്കുന്നുണ്ട്. |
| (സി) | പ്രസ്തുത സ്ഥാപനത്തിലേക്കുള്ള അഡ്മിഷൻ നടപടിക്രമം വ്യക്തമാക്കാമോ; ഈ സ്ഥാപനത്തിന്റെ ഭരണം എങ്ങനെയാണ് നടത്തുന്നത്; അതിന്റെ ഘടന, ഇതിലെ അംഗങ്ങൾ ആരെല്ലാം, ഇവരുടെ കാലാവധി, തെരഞ്ഞെടുപ്പ് നടപടിക്രമം എന്നിവ അറിയിക്കാമോ? | (സി) | അഡോളസെന്റ് ഹോമിൽ 20 ആൺകുട്ടികൾക്കാണ് താമസ സൗകര്യം ഒരുക്കിയിട്ടുള്ളത്. താല്പര്യമുള്ള മാതാപിതാക്കൾ സമർപ്പിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിലാണ് അന്തേവാസികളെ തിരഞ്ഞെടുക്കുന്നത്. എന്നാൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും, സംരക്ഷിക്കാൻ അച്ഛനോ അമ്മയോ, ഒരാൾ മാത്രമുള്ളവർക്കും അല്ലെങ്കിൽ ആരും ഇല്ലാത്തവർക്കും മുൻഗണന നൽകാൻ തീരുമാനിച്ചിട്ടുണ്ട്.<br>ഐക്കോൺസ് സ്ഥാപനങ്ങൾ എസ്.ആർ.സി.സി.ഡി. എന്ന സൊസൈറ്റിയുടെ കീഴിലാണ്. ഈ സൊസൈറ്റിയുടെ ഭരണപരമായ കാര്യങ്ങൾ നോക്കുന്നതിനുവേണ്ടി ബഹു.ആരോഗ്യ-സാമൂഹ്യ നീതി വകുപ്പ് മന്ത്രി ചെയർപേഴ്സനായിട്ടുള്ള ഒരു ഗവേണിംഗ് ബോഡിയും, ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി ചെയർമാനായുള്ള ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും നിലവിലുണ്ട്. ഗവേണിംഗ് ബോഡിയിൽ 20 അംഗങ്ങളും, എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ 10 അംഗങ്ങളും നിലവിലുണ്ട്. സ്ഥാപനങ്ങളുടെ ദൈനംദിന ഭരണനിർവ്വഹണം നടത്തുന്നത് ഡയറക്ടറാണ്. ഗവേണിംഗ് ബോഡിയിലേയും എക്സിക്യൂട്ടീവ് കമ്മിറ്റിയിലേയും അംഗങ്ങളുടെ പേരു വിവരം ഉൾക്കൊള്ളുന്ന സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. ഗവേണിംഗ് ബോഡിയിൽ 14 എക്സ് ഒഫിഷ്യോ അംഗങ്ങളും 7-ൽ കൂടാത്ത നോമിനേറ്റഡ് നോൺ-എക്സ് ഒഫിഷ്യോ അംഗങ്ങളും ഉണ്ട്. എക്സിക്യൂട്ടീവ് കമ്മറ്റിയിൽ 9 എക്സ് ഒഫിഷ്യോ അംഗങ്ങളും 1 നോമിനേറ്റഡ് നോൺ-എക്സ് ഒഫിഷ്യോ അംഗവും ഉണ്ട്. എക്സ് ഒഫിഷ്യോ അംഗങ്ങൾ ബന്ധപ്പെട്ട തസ്തികകളിൽ |

| | | | |
|---|---|---|---|
| | | | തുടരുന്നിടത്തോളം കാലം ജി.ബി./ഇ.സി. അംഗമായി തുടരുന്നതാണ്. നോൺ-എക്സ് ഒഫീഷ്യോ അംഗങ്ങളുടെ നിയമനകാലാവധി 3 വർഷമാണ്. കാലാവധി കഴിഞ്ഞ നോൺ-എക്സ് ഒഫീഷ്യോ അംഗങ്ങൾക്ക് പകരമായുള്ളവരെ നോമിനേറ്റ് ചെയ്യേണ്ടത് ഗവേണിംഗ് ബോഡിയിലെ എക്സ് - ഒഫീഷ്യോ അംഗങ്ങളുടെ ഒരു യോഗമാണ്. |

**സെക്ഷൻ ഓഫീസർ**